ഇക്കാര്യത്തിൽ ഉടൻതന്നെ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം കോടതിയിൽ ബോധിപ്പിക്കുകയും അത് സ്വീകരിച്ചുകൊണ്ട് ബഹു.കോടതി ടി.ഒ.പി. തള്ളി വിധിക്കുകയുമാണുണ്ടായത്. തുടർന്ന് വിശദമായ പരിശോധനയ്ക്കുശേഷം പ്രിന്റിംഗ് ഡയറക്ടർ നൽകിയ വിശദീകരണം സർക്കാർ ഭാഗികമായി അംഗീകരിക്കുകയും കൂടുതൽ നടപടികൾ ആവശ്യമാണെന്ന് കണ്ടെത്തിയ കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) അച്ചടിവകുപ്പിനെ സംബന്ധിക്കുന്ന ചില ആരോപണങ്ങൾ സർക്കാരിന് ലഭിക്കുകയും ഇതിന്മേൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തോട് അന്വേഷിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതിൻപ്രകാരം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അന്വേഷണം നടത്തുകയും റിപ്പോർട്ട് നൽകുകയും ചെയ്തു. ഈ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും, അച്ചടിവകുപ്പ് ഡയറക്ടറുടെ വിശദീകരണം സർക്കാർ ഭാഗികമായി അംഗീകരിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന് മറുപടി നൽകുകയും ചെയ്തു. നടപടികൾ ആവശ്യമെന്നു കണ്ട കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ നടപടികളൊക്കെയാണ് 25590/എച്ച്1/എച്ച്.ഇ.ഡി/02 എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ളത്. 2803 /എച്ച്1/എച്ച്.ഇ.ഡി. എന്ന ഫയൽ ഈ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

(സി) ഇല്ല.

അച്ചടിവകുപ്പിൽ 6 ഡിജിറ്റ് നമ്പറിംഗ് മെഷീൻ വാങ്ങിയതിലെ വിലകൾ തമ്മിലുള്ള അന്തരം

154 (1791) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ 2000 ആഗസ്റ്റിൽ 6 ഡിജിറ്റ് ഉള്ള ടൈപ്പ് ഹൈ നമ്പറിംഗ് മെഷീന് 3,474 രൂപ വച്ച് മുംബൈയിലുള്ള മെസ്സേഴ്സ് ജ്യോതിരാജ് ഇന്റർനാഷണൽ കമ്പനിയിൽ നിന്നും വാങ്ങിയിരുന്നുവോ ;

(ബി) എങ്കിൽ എത്ര മെഷീനുകളാണ് വാങ്ങിയിരുന്നത് ;

(സി) ഇതേ മെഷീൻ 2000 ജൂലൈയിൽ കേരള ബുക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റി 2,781 രൂപ വച്ച് വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിലകൾ തമ്മിലുള്ള അന്തരം ഉണ്ടാകാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിരുന്നുവോ ;

(ഇ) പരിശോധിച്ചിരുന്നുവെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(എഫ്) മെഷീനുകൾ വാങ്ങിയതിലെ വിലകൾ തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അച്ചടിവകുപ്പിൽ 2000 ഓഗസ്റ്റിൽ 6 ഡിജിറ്റുള്ള നമ്പറിംഗ് മെഷീൻ മുംബൈയിലുള്ള ജ്യോതിരാജ് ഇന്റർനാഷണൽ കമ്പനിയിൽ നിന്നും ഒരെണ്ണത്തിന് 3,612 രൂപ 96 പൈസയാണ് വാങ്ങിയത്.

(ബി) 500 എണ്ണം

(സി) കെ.ബി.പി.എസ്സിൽ 62 മെഷീനുകൾ ഓരോന്നിനും 2892 രൂപ 24 പൈസ വിലയിൽ വാങ്ങിയിട്ടുണ്ട്.

(ഡി-എഫ്) പരിശോധിക്കുന്നതാണ്.

[നക്ഷത്രചിഹ്നമിടാത്ത 1713,1724 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി. സ്പീക്കർ : Calling attention, ശ്രീ. നീലലോഹിത ദാസൻ നാടാർ, 9.30 A.M] .....(ബഹളം).....That is not admissible..... പോയിന്റ് ഓഫ് ഓർഡർ എന്താണ്? .....(ബഹളം).....

ശ്രീ. എ. കെ. ബാലൻ : 133-ലെ സെക്കൻഡ് പ്രൊവിസോ അനുസരിച്ചു തന്നെയാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. .....(ബഹളം).....അല്ല, ഞാൻ പറയുന്നത് ആദ്യം ഒന്ന് കേൾക്കണ്ടേ ?

മി. സ്പീക്കർ : ആവശ്യമില്ലാത്തത് പറയാൻ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ പറ്റില്ല. .....(ബഹളം).....

II ക്രമപ്രശ്നം

വിജിലൻസ് ഡിപ്പാർട്ടുമെന്റ് എഫ്.ഐ.ആർ. ഹാജരാക്കണമെന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : ഞാൻ കട്ടകേസ് പറയുന്നില്ല, ഞാൻ ഒരാളിന്റേയും പേരേ പറയുന്നില്ല. കഴിഞ്ഞ പത്ത് മാസമായി വിജിലൻസ് കോർട്ട് മൂന്നു പ്രാവശ്യം വിജിലൻസ് ഡിപ്പാർട്ടുമെന്റിനോട് ഒരു കാര്യം പറഞ്ഞു. നിങ്ങൾ ഒരു കേസുമായി ബന്ധപ്പെട്ടുകൊണ്ട് അന്വേഷണം നടത്തി എഫ്.ഐ.ആർ. ഇട്ട് ഈ കോടതിക്ക് തരണം എന്ന് മൂന്നു പ്രാവശ്യം പറഞ്ഞിട്ട് പോലും വിജിലൻസ് ഡിപ്പാർട്ടുമെന്റ് അത് കംപ്ലൈ ചെയ്തിട്ടില്ല. അതുകൊണ്ട് വളരെ പ്രധാനപ്പെട്ടകാര്യമെന്നുള്ള നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, മുഖ്യമന്ത്രിയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. വിജിലൻസ് കോർട്ടിന്റെ ഡയറക്ഷൻ കംപ്ലൈ ചെയ്യുന്നതിന് വിജിലൻസ് ഡിപ്പാർട്ടുമെന്റിനുള്ള .....(ബഹളം)..... പോയിന്റ് ഓഫ് ഓർഡറാണ്. ഞാൻ ഒന്നും ഇതിൽ പറയുന്നില്ല. ആരുടെ പേരും പറയുന്നില്ല.

മി.സ്പീക്കർ : ഇത് പോയിന്റ് ഓഫ് ഓർഡറിൽ പറയേണ്ട കാര്യമാണോ ? No, No..... I don't want to hear this. .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly